11495
6/7/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - വിനോദസഞ്ചാര വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായി രണ്ട് ഇന്നോവ ക്രിസ്റ്റ കാറുകൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ.(കൈ) നം.11/2019/ടൂറിസം തീയതി,തിരുവനന്തപുരം, 01/07/2019

പരാമർശം:- വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 17.01.2019ലെ എച്ച്.എ.3-16692/2018 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ ആതിഥ്യ മര്യാദയുടെ ഭാഗമായി സംസ്ഥാനം സന്ദർശിക്കുന്ന വിശിഷ്ട അതിവിശിഷ്ട വ്യക്തികൾക്ക് യാത്രാസൗകര്യം ഒരുക്കേണ്ടതും, കൂടാതെ ബഹു. ഗവർണർ, ബഹു. മുഖ്യമന്ത്രി, ബഹു. സ്പീക്കർ, ബഹു. പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ മറ്റ് മന്ത്രിമാർ എന്നിവർക്ക് സംസ്ഥാനത്തിനകത്ത് യാത്രാസൗകര്യം ലഭ്യമാക്കേണ്ടതും വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയായതിനാൽ, ആയതിനുള്ള വാഹനങ്ങൾ വിനോദസഞ്ചാര വകുപ്പിലാണ് പരിപാലിക്കുന്നത്. എന്നാൽ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്ക് ഉതകുംവിധം നല്ല സ്ഥിതിയിലുള്ള കാറുകളുടെ അഭാവം സ്ഥിരമായി അനുഭവപ്പെടുന്നു. മാത്രമല്ല, കണ്ണൂർ വിമാനത്താവളത്തിന്റെ ഉദ്ഘാടനത്തിനുശേഷം കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ അതിഥികൾ കൂടുതൽ എത്തുവാൻ സാധ്യതയുള്ളതിനാൽ കൂടുതൽ വാഹനങ്ങൾ നൽകേണ്ട സാഹചര്യമാണുള്ളത്. ഇപ്പോൾ നിലവിലുള്ള വാഹനങ്ങൾ ഈ വർദ്ധിച്ച ആവശ്യത്തിന് അപര്യാപ്തമായതിനാൽ കേരളത്തിലെ വിവിധ അതിഥി മന്ദിരങ്ങളിലേക്കും പ്രോട്ടോക്കോൾ ഹോസ്പിറ്റാലിറ്റി ഡ്യൂട്ടികൾക്കും വേണ്ടി പുതിയ 21 കാറുകൾ വാങ്ങുന്നതിനായുള്ള ശിപാർശ പരാമർശ പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2) സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത്

ഇക്കാര്യം വിശദമായി പരിശോധിച്ചു. വിനോദസഞ്ചാര വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായി ഇൻഷുറൻസ്, രജിസ്ട്രേഷൻ ചാർജ്ജ്, അധിക ആക്സസ്സറീസ് എന്നിവ ഉൾപ്പെടെ ആകെ 44,90,934/- (നാൽപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല് രൂപ മാത്രം) രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്ന് ചെലവാക്കി രണ്ട് പുതിയ ഇന്നോവ ക്രിസ്റ്റ കാറുകൾ വാങ്ങുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ.)കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (03.06.2019ലെ EXP-B3/30/2019-FIN നമ്പർ കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ - 3139)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Sandhya

സെക്ഷൻ ഓഫീസർ

55

JS
Rh
28/6

രഹസ്യം

# കേരള സർക്കാർ

## 29) മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 26-06-2019**

ഫയൽ നം.ടൂർ-സി1/27/2019-ടൂർ ഇനം നം: 3139

വിഷയം : ടൂറിസം വകുപ്പ് - ടൂറിസം വകുപ്പിന്റെ ആവശ്യത്തിനായി പുതിയ വാഹനങ്ങൾ വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ടൂറിസം വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | ടൂർ-സി1/27/2019-ടൂർ |
| 2 | വകുപ്പ് | ടൂറിസം (സി) വകുപ്പ് |
| 3 | വിഷയം | ടൂറിസം വകുപ്പിന്റെ ആവശ്യത്തിനായി പുതിയ വാഹനങ്ങൾ വാങ്ങുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി ; | 14/06/2019 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്; | ശ്രീ. പ്രകാശ് ബി.എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | ശ്രീമതി. റാണി ജോർജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി ; | 21/06/2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി ; | 22/06/2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി ; | 24/06/2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 25/06/2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും ; | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1. വിനോദസഞ്ചാര വകുപ്പിലേക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സംസ്ഥാന സർക്കാരിന്റെ ആതിഥ്യ മര്യാദയുടെ ഭാഗമായി സംസ്ഥാനം സന്ദർശിക്കുന്ന വിശിഷ്ട അതിവിശിഷ്ട വ്യക്തികൾക്ക് യാത്രാസൗകര്യം ഒരുക്കേണ്ടതും, കൂടാതെ ബഹു. ഗവർണർ, ബഹു. മുഖ്യമന്ത്രി, ബഹു. സ്പീക്കർ, ബഹു. പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ മറ്റു മന്ത്രിമാർ എന്നിവർക്ക് സംസ്ഥാനത്തിനകത്ത് യാത്രാസൗകര്യം ലഭ്യമാക്കേണ്ടതും വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയായതിനാൽ, ആയതിനുള്ള വാഹനങ്ങൾ വിനോദസഞ്ചാര വകുപ്പിലാണ് പരിപാലിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ ഗ്യാരേജിനു പുറമേ ആലുവ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഗസ്റ്റ് ഹൗസുകളിലും ഈ ആവശ്യത്തിനായി കാറുകൾ പരിപാലിക്കുന്നുണ്ട്. എന്നാൽ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്ക് ഉതകുംവിധം നല്ല കാറുകളുടെ അഭാവം സ്ഥിരമായി അനുഭവപ്പെടുന്നു. മാത്രമല്ല, കണ്ണൂർ വിമാനത്താവളത്തിന്റെ ഉദ്ഘാടനത്തിനുശേഷം കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ അതിഥികൾ കൂടുതൽ എത്തുവാൻ സാധ്യതയുള്ളതിനാൽ കൂടുതൽ വാഹനങ്ങൾ നൽകേണ്ട സാഹചര്യമാണുള്ളത്.

3. ഇപ്പോൾ നിലവിലുള്ള വാഹനങ്ങൾ ഈ വർദ്ധിച്ച ആവശ്യത്തിന് അപര്യാപ്തമായതിനാൽ കേരളത്തിലെ വിവിധ അതിഥി മന്ദിരങ്ങളിലേക്കും പ്രോട്ടോക്കോൾ ഹോസ്പിറ്റാലിറ്റി ഡ്യൂട്ടികൾക്കും വേണ്ടി 20 പുതിയ ഇന്നോവ ക്രിസ്റ്റ കാറുകളും ഒരു ജീപ്പ് കോമ്പസ് (ലിമിറ്റഡ് 4x4(O) Black Pack) ഉം വാങ്ങുന്നതിനായി താഴെപ്പറയുന്ന രീതിയിൽ ആകെ 4,77,35,064/- (നാല് കോടി എഴുപത്തിയേഴ് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുപത്തിനാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

| | |
|---|---|
| ഒരു ഇന്നോവ വാഹനത്തിന്റെ ചെലവ് (ഇൻഷുറൻസ്, രജിസ്ട്രേഷൻ ചാർജ്ജ്, അധിക ആസസ്സറീസ് എന്നിവ ഉൾപ്പെടെ) | 22,45,467/-രൂപ |
| 20 ഇന്നോവ വാഹനത്തിന്റെ ചെലവ് | 4,49,09,340/-രൂപ |
| JEEP COMPASS (ലിമിറ്റഡ് 4x4(O) Black Pack) ന്റെ ചെലവ് | 28,25,724/-രൂപ |
| ആകെ | 4,77,35,064/-രൂപ |

4. ഇത് സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്ന പ്രകാരമായിരുന്നു.

"Finance Department agrees for the purchase of 3 Innova Crysta and One JEEP Compass.

This has the approval of Hon'ble Minister (Finance)".

5. ഇക്കാര്യത്തിൽ രണ്ട് ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങാവുന്നതാണെന്നും ആയത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ബഹു. മുഖ്യമന്ത്രി ഉത്തരവായി. അതനുസരിച്ച്, മന്ത്രിസഭായോഗത്തിന്റെ പരിഗണനക്കായി സമർപ്പിക്കുന്നതിനുള്ള കുറിപ്പിന്റെ കരട്ടുരൂപം അംഗീകരിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിൽ കുറിപ്പിലെ നിർദ്ദേശം പരിഗണിക്കുന്ന കാര്യം ഒരിക്കൽ കൂടി പരിശോധിച്ച് അഭിപ്രായം നൽകണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയും അതനുസരിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

"In the light of present financial position of the State, AD is requested to manage with existing vehicles and not to undertake any fresh vehicle purchase."

6. എന്നാൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് വിനോദസഞ്ചാര വകുപ്പിന്റെ ആവശ്യങ്ങൾക്കായി രണ്ട് ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങാവുന്നതാണെന്നും ആയത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട കാര്യം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് വിനോദസഞ്ചാര വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായി ഇൻഷ്വറൻസ്, രജിസ്ട്രേഷൻ ചാർജ്ജ്, അധിക ആസസ്സറീസ് എന്നിവ ഉൾപ്പെടെ ആകെ 44,90,934/- (നാൽപ്പത്തിനാല് ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരത്തി മുപ്പത്തി നാല് രൂപ മാത്രം) രൂപ ചെലവാക്കി 2 പുതിയ ഇന്നോവ ക്രിസ്റ്റ കാറുകൾ വാങ്ങുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകാമോ?

# GOVERNMENT OF KERALA
# ( SHRI.PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | Tour-C1/27/2019-Tour |
| 2 | Department | Tourism (C) Department |
| 3 | Subject | Purchase of new vehicles for the use of Tourism Department |
| 4 | Date of Chief Minister's order for placing before the Council | 14/06/2019 |
| 5 | i) Does the case involve financial Commitments/implications.<br>ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | Yes.<br><br>Yes. |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No. |
| 7 | Name of Joint Secretary who submitted the Draft Note | Sri. Prakash B.S. |
| 8 | Name of Secretary who approved the Draft Note | Smt. Rani George |
| 9 | Date of approval of the Draft Note for the Council by the Secretary | 21/06/2019 |
| 10 | Name of Chief Secretary who approved the Draft Note | Sri. Tom Jose |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 22/06/2019 |
| 12 | Name of Minister who approved the Draft Note | Sri. Kadakampally Surendran |
| 13 | Date of approval of the Draft Note for the Council by the Minister | 24/06/2019 |
| 14 | Date of submission of fair copies | 25/06/2019 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O./letter communicating the decision | |

## Note for Council of Ministers

1. This note deals with the proposal for purchase of new vehicles for the Department of Tourism.

2. As part of the State Hospitality, the Department of Tourism provide transportation facilities to VIPs/VVIPs who are visiting the State and also provide transportation to Hon'ble Governor, Hon'ble Chief Minister, Hon'ble Speaker, Hon'ble Leader of Opposition and other Hon'ble Ministers within the state and for this purpose vehicles are maintained by the Department of Tourism. In addition to the central garage at Thiruvananthapuram, vehicles for this purpose are maintained in the Guest Houses at Aluva, Thrissur, Palakkad, Malappuram, Kozhikode, Kannur and Kasaragod also. But the department is not having sufficient good condition cars to meet such a huge requirement. Besides that, after the inauguration of the Kannur Airport, more vehicles need to be provided to the districts of Kannur, Kasaragod and Kozhikode as there is a possibility to have more guests visiting those districts.

3. As the available vehicles are insufficient to meet this huge requirement, the Director of Tourism has requested to provide administrative sanction to purchase 20 new Innova Crysta cars and a Jeep Compass (Limited 4 x 4 (O) Black Pack) for a total amount of Rs. 4,77,35,064/- (Rupees Four Crore Seventy Seven Lakh Thirty Five Thousand and Sixty Four only), as detailed below.

| | |
|---|---|
| Cost of one Innova Crysta (including insurance, fee for registration and additional accessories) | Rs. 22,45,467/- |
| Cost of 20 Innova Crysta | Rs. 4,49,09,340/- |
| Cost of JEEP COMPASS | Rs. 28,25,724/- |
| **Total** | **Rs. 4,77,35,064/-** |

4. Finance Department's remarks in this regard was as given below.

"Finance department agrees for the purchase of 3 Innova Crysta and one JEEP Compass.

This has the approval of Hon'ble Minister (Finance)".

5. The Hon'ble Chief Minister has ordered that 2 Innova Crysta may be purchased in this regard and therefore to place this matter before the Council of Ministers. When the file was submitted for the approval of draft cabinet note, Chief Secretary directed Finance Department to offer remarks after re-examining the matter in the light of present financial crisis. Thus, Finance Department offered its remarks as follows:

" In the light of present financial position of the State, AD is requested to manage with existing vehicles and not to undertake any fresh vehicle purchase. "

6. The Hon'ble Chief Minister ordered that 2 Innova Crysta may be purchased for the use of Tourism Department by overruling the opinion of Finance Department and to place this matter before the Council of Ministers.

**Point for Decision**

Whether administrative sanction may be accorded to the Director of Tourism for the purchase of 2 Innova Crysta for various uses of Department of Tourism, at a total cost of Rs.44,90,934/-(Rupees Forty Four Lakh Ninety

Thousand Nine Hundred and Thirty Four only) including the rates for insurance, registration and additional accessories, in supersession of the advice of Finance Department ?